# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1642     06.03.2017-ൽ മറുപടിയ്ക്ക്.

## ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് മൊത്തം എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ; | (എ) | ജനകീയാസൂത്രണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനത്തിന് മൊത്തം തുക 24,42,715/- രൂപ (ഇരുപത്തിനാല് ലക്ഷത്തിനാല്പത്തിരണ്ടായിരത്തി എഴുന്നൂറ്റി പതിനഞ്ച് രൂപ) ചെലവായിട്ടുണ്ട്. |
| (ബി) | ഉദ്ഘാടന സമ്മേളനം, സെമിനാറുകൾ, ആസൂത്രണ പ്രവർത്തക സംഗമം, പ്രദർശനം, വിദ്യാർത്ഥി യുവജന സംഗമം എന്നിവയ്ക്ക് ഓരോന്നിനും പങ്കെടുത്തവരുടെ ടി.എ., ഡി.എ., ഉൾപ്പെടെ എന്തു തുക വീതമാണ് ചെലവെന്നും അതിൽ നൽകിയത് എത്രയെന്നും ഇനി നൽകാനുള്ളത് എത്രയെന്നും വിശദമാക്കുമോ ; | (ബി) | ടി.എ., ഡി.എ. ഇനത്തിൽ തുകയൊന്നും തന്നെ ചെലവായിട്ടില്ല. |
| (സി) | സമാപന സമ്മേളനത്തിന് എത്ര തുക എല്ലാ ഇനത്തിലും കൂടി ആകെ ചെലവായെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ; | (സി) | ബാക്കി തുകയൊന്നും തന്നെ നൽകാനില്ല. |

| | | | |
|---|---|---|---|
| (ഡി) | പരസ്യം, പന്തൽ, അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്ക് എത്ര തുക വീതം ചെലവായെന്ന് വിശദമാക്കുമോ , | (ഡി) | പരസ്യത്തിനായി 1,99,230/- രൂപ (ഒരുലക്ഷത്തി തൊണ്ണൂറ്റൊമ്പതിനായിരത്തി ഇരുന്നൂറ്റി മുപ്പത് രൂപ), പന്തലിനായി 11,31,500/- രൂപ (പതിനൊന്ന് ലക്ഷത്തി മുപ്പത്തിയൊരായിരത്തി അഞ്ഞൂറ് രൂപ), അനുബന്ധ സൗകര്യങ്ങൾക്കായി 11,11,985/- (പതിനൊന്ന് ലക്ഷത്തി പതിനൊന്നായിരത്തിതൊള്ളായിരത്തി എൺപത്തിഅഞ്ച്) രൂപയും ചെലവായിട്ടുണ്ട്. |
| (ഇ) | ഇതിന്റെ സംഘാടന ചുമതല വഹിച്ചത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ ? | (ഇ) | തൃശ്ശൂർ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സനും, ജില്ലാകളക്ടർ കൺവീനറുമായ സംഘാടകസമിതിയുടെ നേതൃത്വത്തിലാണ് ജനകീയാസൂത്രണപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജില്ലയിൽ സംഘടിപ്പിച്ചത് |

സെക്ഷൻ ഓഫീസർ